

# വയലറ്റ് കുക്കു



**കൃഷ്ണ അനുജൻ**

കഴിഞ്ഞ മാസം അമ്മയെ ആൻഡമാൻ ദ്വീപുകൾ ചുറ്റിക്കാണിക്കുവാനുള്ള ഭാഗ്യമുണ്ടായി എനിക്ക്. എനിക്കറിയാവുന്ന തികഞ്ഞ പരിസ്ഥിതിവാദികളിലൊരാൾ അമ്മയാണ്. എല്ലാ പരിസ്ഥിതിചർച്ചകളും വിരൽത്തുമ്പത്തുള്ള, ട്വിറ്റർ വാഗ്വാദങ്ങളിൽ കാലാവസ്ഥാനിഷേധികളെ അടിച്ചുപരത്തുന്ന, കണ്ടാലറിയാവുന്ന പരിസ്ഥിതിവാദിയല്ല. എങ്കിലും ഞങ്ങളുടെ വീടിനുചുറ്റുമുള്ള പ്രകൃതിയെ, ചെടികളെ, ഔഷധികളെ, ഋതുഭേദങ്ങളെ, അവയോടൊപ്പം എത്തുന്ന സന്ദർശകരെയെല്ലാം അമ്മയ്ക്ക് കൃത്യമായി അറിയാം. എനിക്ക് ഏഴോ എട്ടോ വയസ്സുള്ളപ്പോൾ അമ്മയാണ് ദശപുഷ്പങ്ങളിലോരോന്നും കാണിച്ചുതന്നിട്ടുള്ളത്; അവ പറിച്ചുകൊണ്ടുവന്ന് ചെറിയ കെട്ടുകളാക്കിവെക്കുന്നത് കർക്കടകമാസം മുഴുവൻ എന്റെ ജോലിയായിരുന്നു.

# പരിസ്ഥിതി എന്ന സ്ത്രീ



ഫോട്ടോ: മധുരാജ്

അച്ഛനും അമ്മയും കൂടിയാണ് ആൻഡമാൻ കാണുവാൻ വന്നത്. അമ്മയുടെ കൈവശം എനിക്കായി പൊതിഞ്ഞെടുത്ത ചമ്മന്തിപ്പൊടിയും കൊണ്ടാട്ടങ്ങളുമുണ്ട്. അവിശ്വസനീയമാംവിധം മലർക്കെ തുറന്നിട്ട മനസ്സുമായാണ് അമ്മ വന്നത്. തൊട്ടു തൊട്ടില്ലെന്ന് വരുത്തിത്തീർത്ത അവധിദിവസങ്ങളായിരുന്നില്ല അവ; രണ്ടാഴ്ച അമ്മ ഇവിടെ പൂർണമായും ജീവിക്കുകയായിരുന്നു. ഇവിടെയുണ്ടായിരുന്ന രണ്ടാഴ്ചയ്ക്കുള്ളിൽ സൂര്യാസ്തമയങ്ങളുടെ നിറപ്പകിട്ടുകൾ അമ്മ ആവാഹിച്ചെടുത്തു; സ്കൂബാ ഡൈവിങ് സന്നാഹങ്ങൾ വെച്ചുകെട്ടി ബോട്ടിന്റെ അരികിൽ ലേശം പരിഭ്രമത്തോടെയിരുന്ന് പുറകോട്ട് മലക്കംമറിഞ്ഞ് കടലിലേക്ക് ഊളിയിട്ടു; കടലാഴങ്ങളിൽനിന്ന് വലിയ ശ്വാസക്കുമിളകൾ സൃഷ്ടിച്ചു; ഇന്ദ്രനീലത്തിരമാലകൾക്കുമേലെ ചാടി പൊട്ടിച്ചിരിച്ചു; ഗർജൻ വൃക്ഷങ്ങൾ പൊഴിച്ചിട്ട പൂക്കളുടെ മാദകഗന്ധം മൂക്കിലേക്ക് വലിച്ചുകയറ്റി; കടലിനുമീതേ മുഴുതിങ്കൾ ഉദിച്ചുവരുന്നത് കണ്ടു; ചോദിക്കാതെ കിട്ടിയ ചായകളൊക്കെ കുടിച്ചു. ആൻഡമാൻ ദ്വീപസമൂഹത്തിലെ ഏറ്റവും ഉയരംകൂടിയ, 700 മീറ്റർ തലയെടുപ്പുള്ള സാഡിൽ പീക് (Saddle Peak) കയറുകയുംചെയ്തു, ഞങ്ങൾ. നാലര മണിക്കൂർ നടത്തത്തിനുശേഷം ഏകദേശം തുഞ്ചത്തെത്താറായപ്പോൾ കാട്ടിൽ നിലംതൊട്ടുകിടന്ന ഒരുകൂട്ടം കടും ഓറഞ്ച് കായ്കൾ സൂക്ഷിച്ചുനോക്കി അമ്മ പറഞ്ഞു: ''തിപ്പലി''. അങ്ങ് ദൂരേ വടക്കൻ ആൻഡമാന്റെ ഹൃദയാന്തർഭാഗത്ത് ഞങ്ങളുടെ കൂടിക്കുഴഞ്ഞ, തലമുറകളിൽനിന്ന് തലമുറകളിലേക്ക് പകർന്ന, മനസ്സുകളുടെ ഒരു തുണ്ട് അമ്മ കണ്ടെത്തിയിരിക്കുന്നു. അമ്മയുടെ അമ്മൂമ്മ, എന്റെ വലിയമ്മൂമ്മ, ഞങ്ങൾക്കെല്ലാവർക്കും പരിചയപ്പെടുത്തിത്തന്നിട്ടുള്ള ഒരു ഔഷധസസ്യം.

പ്രകൃതി പലപ്പോഴും സ്ത്രീയാണ്; അമ്മയാണ്. ജന്മംനൽകുന്നവൾ, പോറ്റുന്നവൾ, ഉൾക്കൊള്ളുന്നവൾ: എല്ലാം സ്ത്രീത്വത്തിന്റെ സ്വഭാവവിശേഷങ്ങളാണ്. ഇത്തരം പ്രതീകാത്മകതകൾക്കും സാംസ്കാരികഭാവനകൾക്കും അപ്പുറം സ്ത്രീയും പ്രകൃതിയുമായുള്ള ബന്ധത്തെ സാമൂഹിക പരിസ്ഥിതി ഗവേഷണങ്ങൾ നോക്കിക്കാണുന്നത് കുറച്ചുകൂടി പ്രായോഗികവും സമകാലീനവുമായ രീതിയിലാണ്. സ്ത്രീയും പ്രകൃതിയുമായുള്ള പരസ്പരബന്ധത്തെ ഗവേഷകർ പഠനവിഷയമാക്കിയിട്ടുണ്ട്; പ്രകൃതിവിഭവങ്ങളെ സ്ത്രീകൾ ഏതുതരത്തിലാണ് നിരീക്ഷിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നത്, സ്വന്തം പരിതസ്ഥിതിയുടെ രക്ഷാകർത്താക്കളായി അവർ എങ്ങനെയാണ് പ്രവർത്തിക്കുന്നത് എന്നെല്ലാം അവർ നിരീക്ഷിച്ചിട്ടുണ്ട്.

പരിസ്ഥിതിവക്താവായും പാരിസ്ഥിതിക ▶




ഫോട്ടോ: പുനീത് പരഞ്ജ്പെ/എ.എഫ്.പി.

▶ജീവശാസ്ത്രജ്ഞയായും ഔപചാരികവിദ്യാഭ്യാസം നേടിയ ഞാൻ അഭിമാനത്തോടെ എടുത്തുവീശുന്ന അറിവുകളെല്ലാം എവിടെ നിന്നു വന്നവയാണെന്ന് ഞാൻ ആശ്ചര്യപ്പെട്ടുതുടങ്ങിയിരിക്കുന്നു. ആധുനിക സങ്കേതങ്ങളും പദാവലിയും ജീവജാതികളെ തിരിച്ചറിയുവാൻ ഞാൻ പതിവായി ഉപയോഗിക്കുന്നുണ്ട്- ശാസ്ത്രനാമങ്ങളും സാധാരണ പേരുകളും ഫീൽഡ് സഹായികളായ കൈപ്പുസ്തകങ്ങളുമെല്ലാം. ആവാസവ്യവസ്ഥകളെ പ്രവർത്തനനിരതമായി നിലനിർത്തിക്കൊണ്ടുപോകുന്ന പ്രക്രിയകളെ മനസ്സിലാക്കുവാനും കാർബൺ ചാക്രികത, പാരിസ്ഥിതികമായ തുടർച്ച, മാത്സര്യം, സഹജീവനം തുടങ്ങിയ വാക്കുകളെയും പ്രക്രിയകളെയുമാണ് ആശ്രയിക്കുന്നത്. ഈ അറിവുകളുടെയെല്ലാം മൂല സ്രോതസ്സ് തേടിപ്പോകുമ്പോൾ അതിൽ ഒട്ടുമിക്കതും വെള്ളക്കാരായ പുരുഷന്മാരുടെ നിരീക്ഷണങ്ങളിൽനിന്നും ചിന്തകളിൽനിന്നുമാണ് ഉടലെടുത്തതെന്ന ലജ്ജിപ്പിക്കുന്ന സത്യം വെളിവാകുന്നുണ്ട്. പുതിയ കാലത്തെ പാരിസ്ഥിതിക ചിന്താസരണിയുമായി സ്ത്രീകൾ, പ്രത്യേകിച്ചും മൂന്നാംലോകത്തിലെ സ്ത്രീകൾ, ഔപചാരികമായി ബന്ധപ്പെട്ടുകാണുന്നത് അപൂർവമാണ്. അധിനിവേശങ്ങൾമുതൽ സാമ്രാജ്യത്വംവരെ നടത്തിപ്പോന്നിട്ടുള്ള സ്ത്രീചൂഷണവും പ്രകൃതിചൂഷണവും തമ്മിലുള്ള ശക്തമായ ബന്ധങ്ങൾ വരച്ചുകാട്ടുകയാണ് പരിസ്ഥിതിയുമായി ബന്ധപ്പെട്ട തത്ത്വസംഹിതയായ പാരിസ്ഥിതികസ്ത്രീപക്ഷവാദം അഥവാ ഇക്കോഫെമിനിസം.

പരിസ്ഥിതിവാദപ്രസ്ഥാനത്തിന്റെ ഒത്തനടുവിലേക്ക് സ്ത്രീയെ നീക്കിനിർത്തുക എന്നതാണ് ഇക്കോഫെമിനിസ്റ്റുകളുടെ ഉദ്ദേശ്യം; പരിസ്ഥിതിയുടെ ശോഷണം സ്ത്രീകളെ ക്രമാതീതമായി ബാധിക്കുന്നുണ്ടെന്നാണ് അവരുടെ വാദം. ഹിമാലയൻ ഗ്രാമങ്ങളിൽ വീട്ടിലേക്കാവശ്യമുള്ള വെള്ളവും കാലിത്തീറ്റയുമെല്ലാം ചുമന്നുകൊണ്ടുവരുന്നത് അവിടത്തെ സ്ത്രീകളുടെ പരമ്പരാഗത ജോലികളിൽപ്പെട്ടതാണെന്ന് ഈ വാദത്തിന്റെ തീവ്രപ്രചാരകയായ വന്ദന ശിവ എഴുതിയിട്ടുണ്ട്.

**പരിസ്ഥിതിപ്രസ്ഥാനത്തിൽ സ്ത്രീകളുടെ വിജയകരമായ പങ്കാളിത്തമുണ്ടാകാൻ ചിന്താരീതികളിലും പെരുമാറ്റത്തിലും പരിഷ്കരണങ്ങൾ ആവശ്യമുണ്ട്. പങ്കെടുക്കുന്ന സ്ത്രീകൾക്ക് നടത്തിപ്പുകാർ എന്നനിലയിലും നേതാക്കൾ എന്നനിലയിലും ശാക്തീകരണം അനുഭവപ്പെടേണ്ടതുണ്ട്.**

ജലനിരപ്പ് താഴുകയും കാടുകൾ വെട്ടിത്തെളിക്കപ്പെടുകയും ചെയ്യുമ്പോൾ ഈ സ്ത്രീകൾക്ക് കൂടുതൽ ദൂരം, പലപ്പോഴും മോശപ്പെട്ട റോഡുകളിലൂടെയുള്ള ട്രക്ക് യാത്രകളിലൂടെ, ഇതിനായി താണ്ടേണ്ടിവരുന്നു. അടുക്കളയിലേക്കും മറ്റുമുള്ള വിറക് ശേഖരിക്കുന്നതും സ്ത്രീകളായതുകൊണ്ട് കാടുകൾ തെളിയിച്ച് വലിയ തോട്ടങ്ങൾ ഉണ്ടാക്കുന്നതും സ്വന്തം അയൽ പരിസ്ഥിതിയുടെ ശോഷണങ്ങളുമെല്ലാം അവരെ ബാധിക്കുന്നുണ്ട്. കൂടാതെ സ്ത്രീകളുടെ മറ്റൊരു പരമ്പരാഗത ചുമതലയായ ആതുരശുശ്രൂഷ രോഗങ്ങൾക്ക് അടിപ്പെടുവാനുള്ള സാധ്യതയും അവർക്ക് കൂടുതലായി നൽകുന്നുണ്ട്.

അതുകൊണ്ട് മോശപ്പെട്ട ശുചിത്വസൗകര്യങ്ങൾ, ശുദ്ധജലത്തിന്റെ അഭാവം എന്നിവയുൾപ്പെടെയുള്ള മോശപ്പെട്ട പാരിസ്ഥിതിക ആരോഗ്യം സ്ത്രീകളെയാണ് കൂടുതലായി ബാധിക്കുന്നത്.

സ്ത്രീകൾ ചൂഷണങ്ങളുടെയും പാരിസ്ഥിതികമായ അധഃപതനങ്ങളുടെയും നിസ്സഹാ

## ശാസ്ത്രത്തിലെ സ്ത്രീകൾ

**ഒ**രു ശാസ്ത്രജ്ഞനെന്നു കേൾക്കുമ്പോൾ മധ്യവയസ്കനും ഗൗരവക്കാരനുമായ, മിക്കവാറും കണ്ണട ധരിച്ച ഒരു വ്യക്തിയെയാണ് ഓർമവരുക. വെള്ളക്കാരായ പുരുഷന്മാരുടെ നോട്ടുപുസ്തകങ്ങൾക്കുമേലാണ് ആധുനികശാസ്ത്രത്തിന്റെ മുക്കാൽപങ്കും പടുത്തുയർത്തിയിരിക്കുന്നത്. കൂടുതൽ സ്ത്രീകളും ന്യൂനപക്ഷങ്ങളും പല മേഖലകളിലുമുള്ള അറിവിലേക്ക് ധാരാളമായി സംഭാവനകൾ നല്കുകവഴി ഈ അവസ്ഥയ്ക്ക് അതിവേഗം മാറ്റമുണ്ടാകുന്നുണ്ട്. എന്നിരുന്നാലും ശാസ്ത്രം ഇപ്പോഴും അതിന്റെ വനിതാരക്ഷാധികാരികളോട് കനിവില്ലാതെയാണ് പെരുമാറുന്നത്; ബിരുദം നേടുന്നതുമുതൽ ഒരു പ്രൊഫസർ പദത്തിലേക്ക് എത്തുംവരെ ഓരോ പടവിലുമുള്ള കടമ്പകൾ ചാടിക്കടക്കുന്നവർ വിരളമാകുന്നു.

ബോൾഡറിലെ കൊളറാഡോ സർവകലാശാലയിൽ പിഎച്ച്.ഡി. പഠനകാലത്ത് കണ്ടുമുട്ടിയ ജെയ്ൻ സെലിക്കോവയും കെല്ലി റാമിറെസും ശാസ്ത്രസമൂഹത്തിൽ കൂടുതൽ സ്ത്രീസാന്നിധ്യം ഉറപ്പുവരുത്തുവാനായി 2016-ൽ 500 വിമെൻ സയൻറിസ്റ്റ്സ് നെറ്റ്‌വർക്ക് (500 Women Scientists Network) ആരംഭിച്ചു. നൂറിലധികം രാജ്യങ്ങളിൽനിന്ന് പല മേഖലകളിൽ പ്രവർത്തിക്കുന്നവരായ ഇരുപതിനായിരത്തിലധികം സ്ത്രീ സയൻറിസ്റ്റുകളെ അവർ ഇതിനകം ഇതിൽ ചേർത്തുകഴിഞ്ഞു, ഇനിയും ചേർത്തുകൊണ്ടിരിക്കുന്നുമുണ്ട്. ഈ ശൃംഖലയിലെ അംഗങ്ങൾ താന്താങ്ങളുടെ പ്രദേശങ്ങളിലെ പ്രവർത്തനങ്ങൾവഴി ശാസ്ത്രപ്രവർത്തനങ്ങളിൽ കൂടുതൽ സമത്വത്തിനായി ശ്രമിച്ചുകൊണ്ടിരിക്കുന്നു. കൂടാതെ നിങ്ങൾക്ക് ഏതെങ്കിലും മേഖലയിലെ വിദഗ്ധരോട് സംസാരിക്കണമെങ്കിൽ ഇനി നിങ്ങളുടെ പഴയ പട്ടിക (അധികവും പുരുഷ ശാസ്ത്രജ്ഞരുടെ) തിരയേണ്ടതില്ല. എല്ലാ മേഖലകളിൽനിന്നുമുള്ള സ്ത്രീ സയൻറിസ്റ്റുകളുടെ ശേഖരിച്ചുവെച്ചിട്ടുള്ള പട്ടിക തിരഞ്ഞ് 'ഒരു ശാസ്ത്രജ്ഞയെ ആവശ്യപ്പെടുക' എന്നതിൽ വിരലമർത്താം. ചില്ലുമേൽക്കൂര തകർക്കുവാൻ ബുദ്ധിമുട്ടാണെങ്കിലും അതിനിപ്പോൾ കട്ടികുറഞ്ഞിട്ടുണ്ട്.■




ഫോട്ടോ: പി.ടി.ഐ.

യരായ ഇരകഠം മാത്രമല്ല, മറിച്ച് പ്രകൃതിവിഭവങ്ങളുടെ സജീവ സംരക്ഷകരും സൂക്ഷിപ്പുകാരുമാണ് എന്നാണ് ഇക്കോഫെമിനിസ്റ്റുകളുടെ വാദം. ഹിമാലയപ്രാന്തങ്ങളിലെ ചിപ്കോ പ്രസ്ഥാനം സ്ത്രീകളാണ് നയിച്ചത്; ഈയിടെ റിയോ ഡി ജെനൈറോയിൽ നടന്ന തദ്ദേശീയസമൂഹങ്ങളുടെ സമരവും സ്ത്രീകളാണ് നയിച്ചത്. എന്നിരുന്നാലും അത്തരം സ്ത്രീപങ്കാളിത്തം ഒരു ആഗോളപ്രതിഭാസമല്ല. പാരിസ്ഥിതികമേഖലയിൽ ലിംഗപരമായ വ്യത്യാസങ്ങഠം എങ്ങനെയാണ് നിലനിൽക്കുന്നതെന്ന് അളക്കുവാനുള്ള ഒരു സർവേയിൽ തെളിഞ്ഞത് പരിസ്ഥിതിയെക്കുറിച്ച് കൂടുതൽ ആകുലതകളുള്ളവർ സ്ത്രീകളാണെങ്കിലും സജീവപങ്കാളിത്തം അവരിൽനിന്ന് കുറവേ ഉണ്ടാകുന്നുള്ളൂ എന്നാണ്. പാരിസ്ഥിതികമായും പൗരാവകാശസംബന്ധമായുമുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് സ്ത്രീകഠംക്ക് പല സമൂഹങ്ങളിലും കൂടുതൽ കടമ്പകഠം കടക്കേണ്ടിവരുന്നുണ്ടാകാം.

സ്ത്രീയും പ്രകൃതിയും തമ്മിലുള്ള പാരസ്പര്യങ്ങളുടെ മുഴുവൻ വൈവിധ്യങ്ങളും ഉഠംക്കൊള്ളാൻ അമിതമായി ലഘൂകരിക്കപ്പെട്ട

വന്ദന ശിവ



ഈ ആശയങ്ങഠംക്കാവുന്നില്ല എന്നതാണ് ഇക്കോഫെമിനിസത്തിന്റെ വിമർശകർ ചൂണ്ടിക്കാണിക്കുന്നത്. പ്രകൃതിയെ ജീവസ്സോടെ നിലനിർത്തുക മാത്രമാണ് മൂന്നാംലോകത്തിലെ സ്ത്രീകഠം ചെയ്യുന്നത്, അതുമാത്രമാണ് അവർക്ക് പ്രകൃതിയുമായുള്ള ബന്ധം, അധീശത്വസാമ്രാജ്യത്വ സമീപനത്തിന്റെ കാഴ്ചപ്പാടായ ഉപയോഗത്തിന്റെതും അധിക ഉത്പാദനത്തിന്റെതുമായ ബന്ധമല്ല അവർക്ക് പ്രകൃതിയോടുള്ളത് എന്ന ഒഴുക്കനായ ഒരു സാമാന്യവത്കരണമാണ് ഇക്കോഫെമിനിസം മുന്നോട്ടുവെക്കുന്നത്. ഈ സിദ്ധാന്തം അനുസരിച്ചാണെങ്കിൽ എല്ലാ സ്ത്രീകളും സ്വന്തം കുടുംബത്തിന്റെ നിലനില്പിനാവശ്യമായത്ര മാത്രം പ്രകൃതിയിൽനിന്ന് ശേഖരിക്കുകയും പ്രകൃതിയെ സംരക്ഷിക്കുകയുമാണ് ചെയ്യുക. എന്നാൽ പല സ്ത്രീകളും പ്രകൃതിയിൽനിന്ന് ശേഖരിക്കുന്ന ഉത്പന്നങ്ങഠം ചെറിയതോതിലെങ്കിലും കമ്പോളത്തിൽ വിൽക്കുന്നുണ്ട്. കേരളത്തിലും തമിഴ്നാട്ടിലും പിടിക്കപ്പെടുന്ന മത്സ്യങ്ങളുടെ പരമ്പരാഗത വില്പനക്കാർ സ്ത്രീകളാണ്. മാത്രമല്ല, സ്ത്രീകഠം ചെമ്മീനും കല്ലുമ്മക്കായയും സജീവമായി ▶

▶ വളർത്തുകയും നാടൻചന്തകളിൽ വിൽക്കുകയും ചെയ്യാറുണ്ട്. ആൻഡമാൻ ദ്വീപുകളിലെ സ്ത്രീകൾ കടൽവിഭവങ്ങൾക്കുപുറമേ, ആമ്പൽത്തണ്ട്, ചേമ്പില, അമ്പഴങ്ങ തുടങ്ങിയ കാട്ടുചെടികളും പഴങ്ങളും ശേഖരിച്ച് ചന്തകളിൽ വിൽക്കാറുണ്ട്. നീക്കിയിരുപ്പിലും ഓഹരികളിലും വ്യവഹരിക്കുന്ന ഔപചാരിക സമ്പദ്‌വ്യവസ്ഥയുടെ ദൃഷ്ടിയിൽ ഇത്തരം പരമ്പരാഗത ധർമങ്ങളും സങ്കീർണ ബന്ധങ്ങളും പലപ്പോഴും പെടാതെ പോകുകയാണ് പതിവ്.

പ്രകൃതിക്കും സ്ത്രീയ്ക്കുമിടയിലുള്ള ബന്ധത്തെ നിശ്ചലമായി ചിത്രീകരിക്കുന്ന ഇക്കോഫെമിനിസത്തിന്റെ ആശയങ്ങളിൽനിന്ന് വ്യത്യസ്തമായി, മാറുന്ന പ്രാദേശിക കാലാവസ്ഥകളും സമ്മർദങ്ങളും കൊണ്ട് സ്വന്തം പരിസ്ഥിതിയുമായുള്ള സ്ത്രീകളുടെ ബന്ധം ചലനാത്മകമാകുന്നുമുണ്ട്. ഉദാഹരണമായി, കാലിഫോർണിയയിലെയും ഓസ്ട്രേലിയയിലെയും താരതമ്യേന വരണ്ടതും തുറസ്സായതുമായ ആവാസവ്യവസ്ഥകളിൽ ജീവിക്കുന്ന തദ്ദേശീയ സമൂഹങ്ങൾ തങ്ങളുടെ ഭൂമിയിൽ 'നിയന്ത്രിത ജ്വലനം' (Controlled burning) എന്ന പ്രക്രിയ കൃത്യമായ ഇടവേളകളിൽ നടത്തുകവഴിയാണ് പരമ്പരാഗതമായി തുലനം കാത്തുസൂക്ഷിക്കുന്നത്. ഉണങ്ങിയ മരച്ചില്ലകൾ കുന്നുകൂടുന്നതും ഇടിമിന്നലിൽനിന്ന് അതിന് തീപിടിക്കാനുള്ള സാധ്യതയും ഒഴിവാക്കുന്നുണ്ട് ഇത്. ചാരം മണ്ണിന് വളമാകുന്നുമുണ്ട്. ഈ സമൂഹങ്ങളിൽ നടന്ന പഠനങ്ങൾ കാണിക്കുന്നത് കൂടുതൽ വ്യാപകമായ രീതിയിൽ തീയിടുന്നതിനെക്കുറിച്ചുള്ള അറിവും നിയന്ത്രണവും പരമ്പരാഗതമായി പുരുഷന്മാർ കൈവശംവയ്ക്കുമ്പോൾ, കൂടുതൽ സൂക്ഷ്മമായ, ഇനംതിരിച്ചുള്ള ചെറുകിട തീയിടലുകളെക്കുറിച്ചുള്ള ജ്ഞാനം സ്ത്രീകൾക്കാണുള്ളതെന്നാണ്. കോളനിവത്കരണത്തോടെ തീ അസ്വാഭാവികമാണെന്നുള്ള ധാരണ പ്രബലമാവുകയും പടിഞ്ഞാറിന്റെ സജീവമായ അഗ്നിശമനരീതികൾ പുറകേയെത്തുകയും ചെയ്തു. എല്ലാവിധ തീകൾക്കും ശമനമായി. ഇതൊന്നുംപോരാതെ, സാംസ്കാരികകൂട്ടക്കൊലയിൽ അനവധി പുരുഷന്മാർ കൊന്നൊടുക്കപ്പെട്ടപ്പോൾ ഭൂമിസംബന്ധമായ അറിവുകൾ സ്ത്രീകളിലൂടെയാണ് പ്രധാനമായും അതിജീവിച്ചത്. പിന്നീട്, പരമ്പരാഗതരീതികൾ മുഖ്യധാരാ സംരക്ഷണപ്രവർത്തനങ്ങളിൽ അംഗീകാരം നേടിത്തുടങ്ങിയപ്പോൾ ഈ സമൂഹങ്ങളിലെ പുരുഷന്മാർ ഒന്നുകിൽ അവയിലെ സ്ത്രീകളിൽനിന്ന് പഠിക്കുകയോ അല്ലെങ്കിൽ മുഴുവൻ സമൂഹവും പരമ്പരാഗതരീതികളും പാശ്ചാത്യരീതികളും കൂടിക്കലർന്ന സമ്പ്രദായം സ്വീകരിക്കുകയോ ആണ് ചെയ്തത്. ചലനാത്മകമായ ജ്ഞാനവും അതിന്റെ രാഷ്ട്രീയവും മനസ്സിലാക്കാൻ ഇക്കോഫെമിനിസത്തിന്റെ ഏകതാനമായ വീക്ഷണംകൊണ്ടുമാത്രം സാധിക്കുകയില്ല.

പിരിമുറുക്കങ്ങൾ നിലനിൽക്കുമ്പോഴും ലിംഗസമത്വവും സ്ത്രീപക്ഷവാദങ്ങളും യുഎന്നിന്റെ എൻവയോൺമെന്റൽ പ്രോഗ്രാം പോലുള്ള ആഗോള പാരിസ്ഥിതികനയങ്ങളുടെ നെടുംതൂണുകളായിമാറിയിട്ടുണ്ട് ഇന്ന്. ഇതിൽനിന്ന് പാരിസ്ഥിതിക താത്പര്യങ്ങളും സ്ത്രീകളുടെ താത്പര്യങ്ങളും ചേർത്തുവായിക്കാനുള്ള ഒരു രാഷ്ട്രീയപ്രവണത ഉടലെടുത്തിട്ടുണ്ട്. ലിംഗസമത്വത്തെ പരിസ്ഥിതിപ്രവർത്തനങ്ങളിലേക്ക് കൊണ്ടുവരാനായി പല തൃണമൂല പ്രസ്ഥാനങ്ങളും ശ്രമിക്കുന്നുമുണ്ട്.

**സ്ത്രീകൾ ചൂഷണങ്ങളുടെയും പാരിസ്ഥിതികമായ അധഃപതനങ്ങളുടെയും നിസ്സഹായരായ ഇരകൾ മാത്രമല്ല, മറിച്ച് പ്രകൃതിവിഭവങ്ങളുടെ സജീവ സംരക്ഷകരും സൂക്ഷിപ്പുകാരുമാണ് എന്നാണ് ഇക്കോഫെമിനിസ്റ്റുകളുടെ വാദം. ഹിമാലയപ്രാന്തങ്ങളിലെ ചിപ്കോ പ്രസ്ഥാനം സ്ത്രീകളാണ് നയിച്ചത്; ഈയിടെ റിയോ ഡി ജെനൈറോയിൽ നടന്ന തദ്ദേശീയസമൂഹങ്ങളുടെ സമരവും സ്ത്രീകളാണ് നയിച്ചത്.**



**വനസംരക്ഷണത്തിനായി ഇപ്പോഴത്തെ ഉത്തരാഖണ്ഡിൽ നടന്ന ചിപ്കോ മുന്നേറ്റത്തിലെ ഒരു ദൃശ്യം. സ്ത്രീകളുടെ മുൻകൈയിൽ നടന്ന അഹിംസാത്മകമായ പരിസ്ഥിതി സമരമാണ് ചരിത്രപ്രസിദ്ധമായ ചിപ്കോ മുന്നേറ്റം**

രാജസ്ഥാനിലെ തിലോനിയയിൽ പ്രവർത്തിക്കുന്ന ബെയർഫൂട്ട് കോളേജ് എന്ന സംഘടന രണ്ട് ലക്ഷ്യങ്ങളും സംയോജിപ്പിച്ച് സൗരോർജ സെല്ലുകൾ നിർമിക്കാനും സ്വന്തം ഗ്രാമങ്ങളിൽ അവ സ്ഥാപിക്കാനും ഗ്രാമീണമേഖലയിലെ വനിതകളെ പ്രാപ്തരാക്കുന്നുണ്ട്. 'സൗരോർജ അമ്മമാർ' (solar mamas) എന്ന ചെല്ലപ്പേരിൽ അറിയപ്പെടുന്ന ഇവർ പാരിസ്ഥിതികസമസ്യകൾക്ക് ഉത്തരം കണ്ടെത്തുകയും അവ നടപ്പിലാക്കുന്നതിൽ സജീവമായി പങ്കെടുക്കുകയും ചെയ്യുന്നുണ്ട്. ഈ നയങ്ങൾ വിജയകരമായി നടപ്പിലാക്കുകയാണെങ്കിൽ അവ ആഗോള പാരിസ്ഥിതിക പ്രതിസന്ധിയെ നേരിടുന്ന വികസ്വരരാജ്യങ്ങളിലെ സ്ത്രീകൾക്ക് ആരോഗ്യവും വിദ്യാഭ്യാസവും ശാക്തീകരണവും സമ്മാനിക്കും.

ഈ ആശയങ്ങൾ എല്ലാവിധ പാരിസ്ഥിതികനയങ്ങളിലേക്കും ഏച്ചുകെട്ടുന്നത് എത്രയായാലും അഭികാമ്യമല്ല. അത്തരം നയങ്ങളുടെ ഭാഷതന്നെ സ്ത്രീകളെ കൂടുതൽ ചൂഷണംചെയ്യുന്നതിലേക്ക് നയിച്ചേക്കാം. 'പ്രയോജനപ്പെടുത്തേണ്ടതായ' 'വിലപ്പെട്ട വസ്തുക്കൾ' അല്ല സ്ത്രീകൾ എന്നത് പ്രത്യേകം ഊന്നിപ്പറയേണ്ടിയിരിക്കുന്നു. മാത്രമല്ല, സ്വതഃസിദ്ധമായ ജിജ്ഞാസയിൽനിന്നും താത്പര്യത്തിൽനിന്നുമാണോ അതോ സ്ത്രീകളെ മുഖ്യധാരാ വിദ്യാഭ്യാസത്തിൽനിന്ന് അധികാരസ്ഥാപനങ്ങൾ വിലക്കുന്നതുകൊണ്ടാണോ അവർക്ക് പരിസ്ഥിതിസംബന്ധമായ അറിവുകൾ പുരുഷന്മാരേക്കാൾ കൂടുതലായി ഉണ്ടാകുന്നത് എന്ന ചോദ്യമേയില്ലാതെ സ്ത്രീകളുടെ അറിവ് എന്ന വിഷയത്തിൽമാത്രം പലപ്പോഴും വിശേഷിച്ചൊരു പ്രാധാന്യമർപ്പിച്ചുകാണുന്നുമുണ്ട്. വിദ്യാഭ്യാസമോ മുഖ്യധാരയിലുള്ള ഉദ്യോഗങ്ങളോ പുരുഷന്മാരോടൊപ്പം അനുവദിക്കാത്തതുകൊണ്ട് മാത്രമാണോ ഈ സ്ത്രീകൾക്ക് പ്രകൃതിയെക്കുറിച്ച് കൂടുതൽ അറിവുണ്ടായത്? ഇക്കാര്യത്തിൽ കൂടുതൽ വ്യക്തത കൈവരിക്കാതെ സ്ത്രീകളുടെ പാരിസ്ഥിതികലക്ഷ്യങ്ങൾ മുന്നോട്ടുകൊണ്ടുപോയാൽ ചില സമൂഹങ്ങളിൽ അവ സ്ത്രീകളെ കൂടുതൽ ഓരങ്ങളിലേക്ക് നീക്കിനിർത്തിയേക്കാനിടയുണ്ട്.

പരിസ്ഥിതിപ്രസ്ഥാനത്തിൽ സ്ത്രീകളുടെ വിജയകരമായ പങ്കാളിത്തമുണ്ടാകാൻ ചിന്താരീതികളിലും പെരുമാറ്റത്തിലും പരിഷ്കരണങ്ങൾ ആവശ്യമുണ്ട്. പങ്കെടുക്കുന്ന സ്ത്രീകൾക്ക് നടത്തിപ്പുകാർ എന്നനിലയിലും നേതാക്കൾ എന്നനിലയിലും ശാക്തീകരണം അനുഭവപ്പെടേണ്ടതുണ്ട്. പക്ഷേ, പാരിസ്ഥിതികമായ ചവറുകളെല്ലാം അടിച്ചുവാരി വൃത്തിയാക്കേണ്ടത്, തയ്യാറാണെങ്കിലും അല്ലെങ്കിലും, മൂന്നാംലോക വനിതകളുടെ മാത്രം ചുമതലയാണെന്ന അവസ്ഥയിലേക്ക് ഇന്ന് നിലവിലുള്ള നയങ്ങൾ കൊണ്ടെത്തിച്ചേക്കാം. ശക്തരായ രാഷ്ട്രങ്ങൾ ജൈവ ഇന്ധനങ്ങളെയും പ്ലാസ്റ്റിക്കിനെയും ഉപേക്ഷിക്കില്ലെന്ന് വാശിപിടിക്കവേ, അവരുണ്ടാക്കുന്ന മാലിന്യം തുടച്ചുനീക്കേണ്ടത് നമ്മുടെ മാത്രം ജോലിയാകുന്നതെങ്ങനെയെന്ന് സാമൂഹികശാസ്ത്രജ്ഞർ ചോദ്യമുയർത്തുന്നുണ്ട്. നമുക്ക് നിഷേധിക്കുവാനുള്ള അവകാശമുണ്ടോ?

മേരി കിങ്സ്‌ലി, സിൽവിയ ഏൾ തുടങ്ങിയ അന്വേഷകരുടെ ചുമലിലേറിയാണ് ഇരുപത്തൊന്നാംനൂറ്റാണ്ടിലെ ഒരു പരിസ്ഥിതിശാസ്ത്രജ്ഞയായി ഇന്ന് ഞാൻ ചുവടുറപ്പിക്കുന്നത്. ഈയിടെ എന്റെ ഗവേഷണഭൂമികയിൽ ഞാൻ നിത്യവും കണ്ടുമുട്ടുന്ന സ്ത്രീകളിൽ പലരും പ്രചോദനമേകുന്നവരാണ്. കഴിഞ്ഞവർഷം യു.എസ്.എ.യിലെ ന്യൂ ഓർലിയൻസിൽ നടന്ന ഒരു പരിസ്ഥിതിസമ്മേളനത്തിൽവെച്ച് അസാമാന്യയായ ഒരു ഗോത്രവർഗ നേതാവിനെ ഞാൻ കണ്ടുമുട്ടുകയുണ്ടായി. പ്രായം നാൽപ്പത് കടന്നുകാണണം; കൃശഗാത്രിയായ അവർ ധരിച്ചിരുന്നത് പാശ്ചാത്യരീതിയിലുള്ള അനാകർഷകമായ വസ്ത്രങ്ങളായിരുന്നു. എന്നാൽ സ്വന്തം നാടിനെക്കുറിച്ചും തീരദേശദുരന്തങ്ങൾ അവിടെയുള്ള അവരുടെ സമൂഹത്തെയും തൊഴിലിനെയും ബാധിക്കുന്നതിനെക്കുറിച്ചുമുള്ള അവരുടെ വാക്കുകളിൽനിന്ന് നൂറ്റാണ്ടുകളുടെ വിവേകം മാറ്റൊലിക്കൊണ്ടിരുന്നു. വളരെക്കാലത്തെ നിഷേധത്തിനുശേഷം തന്റെ അമ്മാവന്റെ കയ്യിൽനിന്ന് വൈമനസ്യത്തോടെ ഗോത്രത്തിന്റെ ചീഫ് എന്ന സ്ഥാനമേറ്റെടുക്കേണ്ടിവന്ന കഥ അവർ വിവരിച്ചു. സ്ഥാനമേറ്റെടുക്കാൻ അവർ പ്രാപ്തയാണെന്ന് അമ്മാവൻ തീരുമാനിച്ചത് എപ്രകാരമാണെന്ന് പിന്നീട് അദ്ദേഹം പറയുകയുണ്ടായത്രേ: ''കൂടുതൽ ശക്തമായി ചെറുത്തുനിൽക്കുംതോറും പേരിനെയും പെരുമയെയും കുറിച്ചുള്ള ശ്രദ്ധ കുറഞ്ഞുവരും, കൂടുതൽ മെച്ചപ്പെട്ട ചീഫാകും''. ■